| Class: X | Subject: Malayalam BT | Date: 06-11-20 | Worksheet No: 16 |
|---|---|---|---|

**Lesson & LO: ഓണമുറ്റത്ത്**

**1. പ്രകൃതിയിൽ മനുഷ്യ ഭാവങ്ങൾ ആരോപിക്കുനത് കാല്പനികരായ കവികളുടെ രീതിയാണ്. ഓണമുറ്റത്ത് എന്ന കവിതയിലും മഹാബലിയെ വരവേൽക്കാൻ നിൽക്കുന്ന പ്രകൃതിക്ക് കവി മനുഷ്യ ഭാവം നൽകുന്നു. താഴെ തന്നിരിക്കുന്ന സൂചനകൾ വിശദീകരിച്ച് മനുഷ്യ ഭാവം പൂണ്ട കേരളീയ പ്രകൃതി എന്ന ശീർഷകത്തിൽ കുറിപ്പ് തയ്യാറാക്കുക**

സൂചന:

* മലനാട്ടിന്റെ അന്തരീക്ഷത്തിൽ "മധുരവികാരം" അലയടിക്കു ന്നു
* "ഈറനുടുത്ത" പുലരി
* "പാവം" തുമ്പകൾ പൂക്കൂടയുമായി " വിറച്ചു" നിൽക്കുന്നു
* " കുഴഞ്ഞു മടങ്ങിയ വിരലുമായി" മുക്കുറ്റികൾ
* " വെള്ളിത്താലമെടുത്ത് നിരന്നു നിൽക്കുന്ന" നെയ്യാമ്പലുകൾ
* " അരിയെറിയു" ന്ന കമുകുകൾ
* " ആർപ്പുവിളി" ക്കുന്ന അലകടൽ
* " കുരവയിടുന്ന"  അരുവികൾ

**സൂചനകൾ ശ്രദ്ധിക്കൂ അവ മനുഷ്യ ഭാവങ്ങളല്ലേ? അവയെ എത്ര മനോഹരമായാണ് പ്രകൃതിയുമായി ചേർത്തുവെച്ചിരിക്കുന്നത്! നിങ്ങളുടെ നിരീക്ഷണങ്ങൾ കൂടി ചേർത്ത് കുറിപ്പ് തയ്യാറാക്കൂ**

**2. ഓണമുറ്റത്ത് എന്ന കവിതയിലെ പ്രഭാത വർണനയുടെ ഭംഗി വിശദീകരിക്കുക**

സൂചനകൾ:

* പ്രഭാതത്തെ കന്യകയായി കല്പിച്ചിരിക്കുന്നു.
* പ്രഭാതത്തിന്റെ ചുവപ്പിനെ കന്യകയുടെ തുടുത്ത കവിളായി കല്പിക്കുന്നു
* മലനിരകളെ ചങ്ങല വിളക്കായി സങ്കല്പിക്കുന്നു
* സൂര്യരശ്മികളെ പാടല വിരലായി കരുതുന്നു.
* നാണത്തോടെ വരുന്ന കന്യകയായി മെല്ലെ പുലരുന്ന പ്രഭാതത്തെ കാണുന്നു.

## തുമ്പപ്പൂ

മാനിച്ചോരോ മലരുകൾ ചെന്നൂ
മാബലി മന്നനെയെതിരേൽക്കാൻ
തങ്കച്ചാറിൽ തനു മിന്നുംപടി
മുങ്ങിച്ചെന്നൂ മുക്കുറ്റി,
പാടലമാം പട്ടാടയൊടെത്തീ
പാടത്തുള്ളൊരു ചിറ്റാട,
ആമ്പലിനുണ്ടു കിരീടം, നെല്ലി-
ക്കഴകിലുമുണ്ടേ സൗരഭ്യം!

കരൾ കവരുന്നൊരു നിറമോ മണമോ
കണികാണാത്തൊരു തുമ്പപ്പൂ
വ്രീളയൊതുക്കിയണഞ്ഞൂ, കാലടി-
പോലെയിരിക്കും തുമ്പപ്പൂ.

ദേവൻ കനിവൊടു നറുമുക്കുറ്റി-
പ്പൂവിനെയൊന്നു കടാക്ഷിച്ചൂ,
കുതുകാൽത്തടവീ ചിറ്റാടപ്പൂ
കൂടുതലൊന്നു തുടുപ്പിച്ചൂ;
ആമ്പലിനേകീ പുഞ്ചിരി, നെല്ലി-
പ്പൂൺപിനെയൻപൊടു ചുംബിച്ചൂ.
പാവം തുമ്പയെ വാരിയെടുത്തഥ
ദേവൻ വച്ചൂ മൂർദ്ധാവിൽ!

പുളകം കൊള്ളുക തുമ്പപ്പൂവേ,
പൂക്കളിൽ നീയേ ഭാഗ്യവതി!

**3. തുമ്പപ്പൂ എന്ന കവിത വായിച്ചു നോക്കൂ ഓണമുറ്റത്ത് എന്ന കവിതയിലെ പ്രകൃതിയെ മറ്റൊരു വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ. തങ്കച്ചാറിൽ മുങ്ങിയ മുക്കുറ്റിയും പട്ടാട ചുറ്റിയ ചിറ്റാടയും കിരീടം വെച്ച അമ്പലും അഴകാർന്ന നെല്ലിപ്പൂക്കളും എത്ര മനോഹരമായ കാഴ്ചകളാണ്!**
**ഓണമുറ്റത്ത്, തുമ്പപ്പൂ എന്നീ കവിതകളിലെ പ്രകൃതി -മനുഷ്യ ഭാവങ്ങളുടെ താരതമ്യം തയ്യാറാക്കൂ.**